പിന്നോക്ക സമുദായ ക്ഷേമ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലൂടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾക്ക്—

1. സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പാ പദ്ധതി
3. സന്നദ്ധ സംഘടനകൾ വഴി ലഘു വായ്പാ പദ്ധതി.

മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക്—

1. വനിതകൾക്കായുള്ള പ്രത്യേക സ്വയംതൊഴിൽ പദ്ധതി
2. സ്വയം സാക്ഷ്യം–'സ്വയംതൊഴിൽ' വായ്പാ പദ്ധതി (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക്)
3. പെൺകുട്ടികളുടെ വിവാഹ സഹായ പദ്ധതി
4. സർക്കാർ/പൊതു/സ്വകാര്യമേഖലാ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി
5. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി
6. വിദേശത്ത് ജോലി തേടി പോകുന്നവർക്കുള്ള വായ്പാ പദ്ധതി
7. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പാ പദ്ധതി
8. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള വേന പുനരുദ്ധാരണ വായ്പാ പദ്ധതി
9. ഇൻസ്റ്റിറ്റ്യൂട്ട്/ഫ്രാൻചൈസ് ഡെവലപ്പ്മെൻറ് വായ്പാ പദ്ധതി.

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നത് പരിഹരിക്കാൻ നടപടി

3 [225] ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, കെ. സി. ജോസഫ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഏതെങ്കിലും ജില്ലയിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയാനുള്ള കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കുറവു വന്നിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 80034 കുട്ടികളുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കൊല്ലം, മലപ്പുറം, വയനാട് ജില്ലകളിൽ എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.

(സി) പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനും ആവശ്യമായ പരിപാടികൾ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

അട്ടപ്പാടി ആദിവാസി സെറ്റിൽമെന്റിലെ ആദിവാസികളുടെ പ്രശ്നങ്ങൾ

4 [226] ശ്രീ. കെ. സി. ജോസഫ്:
,, പി. ജെ. ജോയി:
,, ടി. യു. രാധാകൃഷ്ണൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി വനപ്രദേശങ്ങളിലെ ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) ഈ ക്ഷേമ നടപടികൾകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(സി) അട്ടപ്പാടിയിലെ ആദിവാസികൾ കഞ്ചാവു തോട്ടങ്ങളിൽ കൃഷിപണിക്കാരായും കാവൽക്കാരായും കഞ്ചാവു കടത്തുകാരായും കഞ്ചാവ് കൃഷിക്കെതിരെ പ്രവർത്തിക്കുന്നവരുടെയും നിയമപാലകരുടെയും ഒറ്റുകാരായും പ്രവർത്തിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യങ്ങളെന്ത്;

(ഡി) ഇവരെ ഈ പണികളിൽ നിന്ന് പിന്തിരിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾക്ക് രൂപം കൊടുക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണം, വീടുകളുടെ അറ്റകുറ്റപ്പണികൾ, ക്ഷേമ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ പരിപാടികൾ, വരുമാനദായക പ്രവർത്തനങ്ങൾ, ആരോഗ്യപരിരക്ഷ, പരിസ്ഥിതി സാക്ഷരതാ പരിപാടികൾ, നേതൃത്വപരിശീലനം, ബോധവൽക്കരണ പരിപാടികൾ എന്നിവ അട്ടപ്പാടിയിലെ ആദിവാസികൾക്കായി നടപ്പിലാക്കിവരുന്നു. 47 ഇരുള

LIBRARY ARCHIVES Kerala Legislative Assembly